സ്ഥലസൗകര്യമില്ലാത്ത സ്കൂളുകൾ

* 171 [626] ശ്രീ. പാലൊളി മുഹമ്മദുകുട്ടി
,, ടി. കെ. രാമകൃഷ്ണൻ
,, വി. എസ്സ്. അച്യുതാനന്ദൻ
,, എസ്സ്. ദാമോദരൻ
,, വി. വി. ദക്ഷിണാമൂർത്തി
,, ഈ. വി. കുമാരൻ
,, സി. ഗോവിന്ദപ്പണിക്കർ

താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസ മന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമാനുസരണം ഒരു ഹൈസ്കൂളിനു് എത്ര ഏക്കർ സ്ഥലം വേണമെന്നാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്;

(ബി) ആവശ്യത്തിനു സ്ഥലസൗകര്യമില്ലാത്ത ഏതെങ്കിലും സ്കൂളുകൾ ഉള്ളതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തിരുവനന്തപുരം സിറ്റി ഹൈസ്കൂളുകളിൽപ്പെട്ട കുറച്ചുക്കൊണം ഗവണ്മെൻറു് ഹൈസ്കൂളിനു് 50 സെൻറു ഭൂമി മാത്രമേയുള്ള എന്നതിൻെറ അടിസ്ഥാനത്തിൽ കൂടുതൽ സ്ഥലസൗകര്യം ഉണ്ടാക്കാൻ ഏർപ്പാടു ചെയ്യുമോ ?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ചു്. മുഹമ്മദ്കോയ):

(എ) ബഹുമാനപ്പെട്ട മെമ്പർമാരുടെ ശ്രദ്ധ, കേരള എഡ്യുക്കേഷൻ റൂൾസു്, 1959-ലെ ചാപ്റ്റർ 4-ലെ 1-ാം റൂളിലേക്കു് ക്ഷണിച്ചുകൊള്ളുന്നു.

(ബി) പല സ്കൂളുകൾക്കും സ്ഥലസൗകര്യം കുറവാണെന്ന പരാതികൾ കിട്ടിയിട്ടുണ്ടു്.

(സി) കുറച്ചുക്കൊണം യു. പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തുന്നതിനു് അനുവാദം കൊടുത്തതു്, വേണ്ട സ്ഥലസൗകര്യം മുതലായവ ഉണ്ടാക്കിത്തരാമെന്ന, പേരൻറു് ടീച്ചർ അസോസിയേഷൻ കമ്മിറ്റിയുടെ എഗ്രിമെൻറിൻപ്രകാരമാണു്. കമ്മിറ്റിയെക്കൊണ്ടു് എഗ്രിമെൻറു നടപ്പാക്കാൻ വേണ്ട നടപടിയെടുത്തുവരികയാണു്.

ശ്രീ. പാലൊളി മുഹമ്മദുകുട്ടി : പിന്നാക്കപ്രദേശങ്ങളിലെ സ്കൂളുകളെ സംബന്ധിച്ചിടത്തോളം നിയമപ്രകാരമുള്ള സ്ഥലസൗകര്യങ്ങളും കർശനമാക്കാതിരിക്കുമോ ?

ശ്രീ. സി. എച്ചു്. മുഹമ്മദ്കോയ : അതു ശരിയായിരിക്കുമെന്നു തോന്നുന്നില്ല. ഓരോ സ്കൂളിനും എത്രമാത്രം സ്ഥലസൗകര്യം വേണമെന്നു നിശ്ചയിച്ചിരിക്കുന്നതു് വിദ്യാർത്ഥികളുടെ ആരോഗ്യത്തെ കരുതി വായുസഞ്ചാരം ശരിയായി കിട്ടണമെന്നുള്ള വിദഗ്ധാഭിപ്രായം അനുസരിച്ചാണു്. പിന്നാക്കപ്രദേശങ്ങളെ ഈ നിബന്ധനയിൽ നിന്നൊഴിവാക്കുന്നതു ശരിയായിരിക്കുകയില്ല. എന്തെങ്കിലും പ്രത്യേക സാഹചര്യത്തിൽ ഒഴിവാക്കേണ്ട ഇൻഡിവിഡുവൽ കേസുകളുണ്ടായാൽ പരിഗണിക്കുന്നതാണു്.

ശ്രീ. പി. കുഞ്ഞൻ : സ്ഥലസൗകര്യമില്ലെന്നു മാത്രമല്ല, ശരിയായ കെട്ടിടം പോലുമില്ലാത്ത ചില സ്ഥാപനങ്ങളും വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ ഉള്ളതായിട്ടറിയാമോ ? ഉദാഹരണത്തിനു് പേരൂർ ഗാന്ധിസേവാ സംഘം പ്രൈമറി സ്കൂളിനു് സ്ഥലമോ കെട്ടിടമോ ഇല്ലെന്നറിയാമോ ?

ശ്രീ. സി. എച്ചു്. മുഹമ്മദു് കോയ : അങ്ങനെ ചില സ്കൂളുകളെ സംബന്ധിച്ചിടത്തോളം സ്ഥലസൗകര്യവും മറ്റുമില്ലെന്നുള്ള ആക്ഷേപങ്ങളും വന്നിട്ടുള്ളതു ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. ആ ആക്ഷേപങ്ങളെ സംബന്ധിച്ചിടത്തോളം അന്വേഷണം നടത്തി വേണ്ട നടപടികളും എടുത്തിട്ടുണ്ടു്. വളരെ കർശനമായി ഈ

LIBRARY ARCHIVES Kerala Legislative Assembly

നിയമം നടപ്പാക്കാൻ ശ്രമിച്ചാൽ വിദ്യാർത്ഥികളുടെ കാര്യം വിഷമത്തിലാകുമെന്നുള്ളതുകൊണ്ട് ചില അയവു കാണിച്ചെന്നുവരും. നിബന്ധന പാലിക്കണമെന്നു തന്നെയാണ് ഗവണ്മെൻറിന്റെ തീരുമാനം.

ശ്രീ. പി. കുഞ്ഞൻ: സ്ഥലസൗകര്യവും കെട്ടിടവുമില്ലാത്ത സ്കൂളുകൾക്കു കൊല്ലം തോറും പെർമിഷൻ കൊടുക്കാൻ പാടില്ലെന്നു ഡി. ഇ. ഒ: ശുപാർശ ചെയ്തിട്ടും പെർമിഷൻ കൊടുക്കാൻ കാരണമെന്താണ് ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ : ഡി. ഇ. ഒ. ശുപാർശ ചെയ്തിട്ടും പെർമിഷൻ കൊടുത്തത് ഏതു സ്കൂളിനാണെന്നു ബഹുമാനപ്പെട്ട മെമ്പർ പ്രത്യേകം എഴുതി അറിയിച്ചാൽ അതിനു ഉത്തരവാദി ആരാണെന്നു കണ്ടുപിടിക്കാം.

ശ്രീ. എൻ. കെ. ശേഷൻ : നിയമത്തിൽ അയവു വരുത്താൻ ആർക്കാണ് അധികാരം, ഡയറക്ടർക്കാണോ ഗവണ്മെൻറിനാണോ ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ചില പ്രത്യേക കേസുകളിൽ ഗവണ്മെൻറു തന്നെ തീരുമാനം എടുക്കാറുണ്ട്.

വികസനപ്രവർത്തനങ്ങൾക്കു ചെലവായ സംഖ്യ

* 172 [627] ശ്രീ. പി. കെ. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1968–69 സാമ്പത്തികവർഷത്തിൽ ജില്ലകളിലെ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി നീക്കിവച്ചിരുന്ന തുകയിൽ ഏറ്റവും കൂടുതൽ ചെലവഴിച്ച ജില്ലയേത്;

(ബി) കൂടുതൽ തുക ലാപ്സാക്കിക്കളഞ്ഞ ജില്ലയുടെ പേരുകൂടി വ്യക്തമാക്കുമോ ?

ഗതാഗതമന്ത്രി (ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ) :

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

ഹരിജൻ കോളനികളിൽ താമസിക്കുന്നവർക്കു പട്ടയം

* 173 [628] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനവും ഹരിജനക്ഷേമവും മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജൻ കോളനികളിൽ താമസിക്കുന്നവർക്കു പട്ടയം കൊടുക്കുന്നതിനു എന്തെല്ലാം നടപടികളാണെടുത്തിട്ടുള്ളത്;

(ബി) ഏതു കോളനികളിൽ ഏതു പേർക്കു ഓരോ ജില്ലയിലും ഇത്തരം പട്ടയങ്ങൾ കൊടുത്തു;

(സി) ഈ പട്ടയവിതരണം ത്വരിതപ്പെടുത്താനുള്ള നടപടികൾ എടുക്കുമോ ?

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ):

(എ) സംസ്ഥാനത്തെ എല്ലാ ഹരിജൻ കോളനികളിലും താമസക്കാരായ ഹരിജനങ്ങൾക്കു പട്ടയം കൊടുക്കാനുള്ള കല്പന ഗവണ്മെൻറു നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly